"ഭരണ ഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ തൃപ്രങ്ങോട് ഗ്രാമപഞ്ചായത്ത് - 2002-03, 2003-04-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണിയ്ക്ക് തുക ചെലവഴിച്ച ഗ്രാമപഞ്ചായത്തിന്റെ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്**

ജി.ഒ (ആർ.ടി) നം. 3206 /12/തസ്വഭവ. തിരുവനന്തപുരം, തീയതി: 21/11//2012

---

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 22/07/2011-ലെ എം4-18283/11 നമ്പർ കത്ത്.

2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 19/09/2012-ലെ LF/P.T3/15286/2012 നമ്പർ കത്ത്.

## ഉത്തരവ്

മലപ്പുറം ജില്ലയിലെ തൃപ്രങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2002-03, 2003-04 വർഷങ്ങളിലെ ലോക്കൽഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണിക്ക് ഗ്രാമപഞ്ചായത്ത് ചെലവഴിച്ച 13,610/-രൂപ നിരാകരിച്ചിരുന്നു. തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണി കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ ഉത്തരവാദിത്തമായതിനാലാണ് ടി ചെലവുകൾ ഓഡിറ്റ് നിരാകരിച്ചിട്ടുള്ളത്.

ജീവനക്കാരുടെയും സാധന സാമഗ്രികളുടെയും അഭാവത്തിൽ അറ്റകുറ്റപ്പണി ചെയ്യാൻ കാലതാമസം ഉണ്ടാവുമെന്ന് വൈദ്യുതി ബോർഡ് അറിയിച്ചതിനെത്തുടർന്ന് പൊതുജനതാല്പര്യാർത്ഥം ഭരണസമിതി ഏറ്റെടുത്തു പൂർത്തിയാക്കിയ പ്രസ്തുത ചെലവിന് സാധൂകരണം ലഭ്യമാക്കണമെന്ന തൃപ്രങ്ങോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷയും ഭരണസമിതി തീരുമാനവും ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാർശയോടെ പരാമർശം 1 പ്രകാരം പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലുള്ള തെരുവു വിളക്കുകൾ സ്ഥാപിക്കൽ, റിപ്പയർ ചെയ്യൽ എന്നിവ കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ ചുമതലയായിരിക്കും എന്ന് 23/03/1997-ലെ ജി.ഒ (എം.എസ്) നം. 13/07/പവർ വകുപ്പ് പ്രകാരം ഉത്തരവായതിന്റെ അടിസ്ഥാനത്തിലാണ് 2002-03, 2003-04 വർഷങ്ങളിലെ തൃപ്രങ്ങോട് ഗ്രാമപഞ്ചായത്തിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ ആകെ 13,610/- രൂപ നിരാകരിച്ചതെന്ന് ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടർ പരാമർശം 2 പ്രകാരം

ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എന്നാൽ, തെരുവു വിളക്കുകൾ അറ്റകുറ്റപ്പണി നടത്തി നൽകുന്നതിന് ആവശ്യമായ ജീവനക്കാരുടെയും സാധനസാമഗ്രികളുടെയും അഭാവമുള്ളതിനാൽ കാലതാമസം ഉണ്ടാകും എന്ന് കേരള സംസ്ഥാന വൈദ്യുതി ബോർഡ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ജനങ്ങളുടെ പരാതിയും സുരക്ഷയും അടിയന്തിര സ്വഭാവവും കണക്കിലെടുത്താണ് പ്രവൃത്തി നടത്തിയത് എന്ന പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 31/12/2010-ലെ 2(2) നമ്പർ പ്രകാരമുള്ള ശുപാർശയുടെ അടിസ്ഥാനത്തിലും പ്രശ്നത്തിന്റെ ഗൗരവവും അടിയന്തിര സ്വഭാവവും പരിഗണിച്ച് സർക്കാർ സാധൂകരണത്തിന് സൂചന രണ്ട് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ തൃപ്രങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2002-03, 2003-04 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിൽ നിരാകരിച്ച തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി 13,610/- രൂപ (പതിമൂന്നായിരത്തി അറനൂറ്റി പത്ത് രൂപ മാത്രം) ചെലവഴിച്ച, ഗ്രാമപഞ്ചായത്ത് നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പി. ജയശ്രീ.
ഡെപ്യൂട്ടി സെക്രട്ടറി
സെക്രട്ടറിയ്ക്കു വേണ്ടി

പഞ്ചായത്ത് ഡയറക്ടർ. തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയക്ടർ, മലപ്പുറം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തൃപ്രങ്ങോട് ഗ്രാമപഞ്ചായത്ത്,
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ